പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 283

03/02/2020 ൽ മറുപടി
നല്കേണ്ടത്.

## ഹോട്ടലുകളിലും ഭക്ഷണനിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഹോട്ടലുകളിലും ഭക്ഷണ നിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഹോട്ടലുകളിലും ഭക്ഷ്യ നിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നിരന്തരം പരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) വ്യാപകമായ തോതിൽ ഫുഡ് കളറുകളും മറ്റ് വിഷജന്യ പദാർത്ഥങ്ങളും ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) ഭക്ഷണപദാർത്ഥങ്ങളിൽ ഫുഡ് കളറുകൾ ചേർക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2006 ലെ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായ അളവിൽ കളറുകൾ ചേർക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. എന്നാൽ പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനുപരിയായി ഭക്ഷ്യവസ്തുക്കളിൽ ഫുഡ് കളറുകളോ വിഷജന്യവസ്തുക്കളോ കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ